LIBRARY ARCHIVES Kerala Legislative Assembly

"കാപ്പ്ഡെക് നടപ്പാക്കാൻ ലൈസൻസ്"

114 (4549) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പ്ഡെക് നടപ്പാക്കുന്നതിനായി ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ടനുസരിച്ച് 'കില' ലൈസൻസ് നേടിയിരുന്നുവോ ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടിയാണ് 'കില' ഈ ഫണ്ട് നേടുന്നതെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചത് ;

(സി) അതനുസരിച്ച് 'കില' പ്രവർത്തിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുമോ ;

(ഡി) ഇല്ലെങ്കിൽ ബന്ധപ്പെട്ടവരുടെ മേൽ നടപടിയെടുക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് ശുപാർശ ചെയ്യുമോ ?

ഉത്തരം

(എ) ലൈസൻസ് നേടിയിരുന്നു.

(ബി) അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണെന്നാണ് അറിയിച്ചത്.

(സി) 'കില' പ്രവർത്തിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

കാപ്പ്ഡെക്കിനുവേണ്ടി കില വാങ്ങിയ ഉപകരണങ്ങൾ

115 (4550) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കാപ്പ്ഡെക്' നടപ്പാക്കുന്നതിൽ കിലയുടെ പങ്കെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്റെ ഫാക്കൽട്ടി അംഗങ്ങൾക്കും ഡയറക്ടർക്കും വേണ്ടി എത്ര കെട്ടിടങ്ങൾ നിർമ്മിച്ചു ;

(സി) അതിന് വസ്തു വാങ്ങിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ആരുടെ പേരിലാണ് ; ഇതിന്റെ വിലയെത്രയായിരുന്നു ;

(ഇ) കാപ്പ്ഡെക് നടപ്പാക്കുന്നതിനായി എന്തെല്ലാം ഉപകരണങ്ങൾ 'കില' വാങ്ങി ;

(എഫ്) എസ്.ഐ.ആർ.ഡി., ഐ.എം.ജി. പ്ലാനിംഗ് ബോർഡിലെ വികേന്ദ്രീകൃത പ്ലാനിംഗ് ഡിവിഷൻ, ജനകീയാസൂത്രണ കാമ്പയിൻ സെൽ എന്നിവയ്ക്കുവേണ്ടി 'കില' എന്തെല്ലാം സാധനങ്ങൾ വാങ്ങിയെന്നും അതിന് എന്തു തുക വീതം ചെലവായി എന്നും കാണിക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാപ്പ്ഡെക് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള മുഴുവൻ ഉത്തരവാദിത്വവും കിലയ്ക്കായിരുന്നു.

(ബി) പ്രോജക്ട് സ്റ്റാഫിനും കില ഡയറക്ടർക്കും മറ്റും വേണ്ടി 24 ക്വാർട്ടേഴ്സ് നിർമ്മിച്ചു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

കോഴിക്കോട് ജില്ലയിലെ കുടുംബശ്രീ സംഘങ്ങൾ

116 (4551) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര വീതം കുടുംബശ്രീ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ കുടുംബശ്രീകളിലെല്ലാംകൂടി ആകെ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

ഏലത്തൂർ	..	113
തലക്കളത്തൂർ	..	93
അത്തോളി	..	153
ഉള്ളിയേരി	..	144
ബാലുശ്ശേരി	..	173
പനങ്ങാട്	..	133
നന്മണ്ട	..	149
ആകെ	..	958

(ബി) ആകെ 24506 കുടുംബങ്ങളെ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly